ശ്രീ. എൽ. എം. പൈലി: ചില സ്ഥലങ്ങളിൽ വാങ്ങിയിരിക്കാം.

ശ്രീ. പി. നാണു: അങ്ങിനെ വാങ്ങിയിട്ടുള്ളവർ ആ തുക തിരിച്ചു കൊടുക്കണമെന്നാണോ ഗവൺമെൻറിന്റെ തീരുമാനം?

ശ്രീ. എൽ. എം. പൈലി: അതു തിരിച്ചു കൊടുക്കണമെന്നാണ് ഇപ്പോഴത്തെ നില. അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാണു: എന്താണ് ഗവൺമെൻറ് ആ നില എടുത്തത്?

ശ്രീ. എൽ. എം. പൈലി: നിലവിലുള്ള രൂപം വ്യാഖ്യാനിക്കുമ്പോൾ തുക തിരിച്ചു കൊടുക്കേണ്ടതായിട്ടാണ് കാണുന്നത്. അതുകൊണ്ട് ചിലർക്ക് ക്ലേശങ്ങൾ ഉണ്ടായിട്ടുണ്ടെന്നറിയാം. ഗവൺമെൻറ് അതേപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കയാണ്.

ശ്രീ. പി. നാണു: വാങ്ങിയ തുകയെങ്കിലും തിരിച്ചു കൊടുക്കാതിരിക്കാൻ വേണ്ട ഉത്തരവ് പുറപ്പെടുവിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതുകൊണ്ട് അദ്ധ്യാപകന്മാർക്കുണ്ടാകുന്ന കഷ്ടത ലഘൂകരിക്കുന്നതിന് പ്രതിമാസം രണ്ട് രൂപ വീതം വാങ്ങിക്കുന്നതിനാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തിരുവിതാംകൂർ വിഭാഗത്തും കൊച്ചിവിഭാഗത്തും അടിസ്ഥാനശമ്പളം ഒരുപോലെയാണോ?

ശ്രീ. എൽ. എം. പൈലി: അല്ല.

പട്ടികവർഗ്ഗങ്ങളുടെ ഉന്നമനം.

*൨൨൪. (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചിയിലെ പട്ടികവർഗ്ഗങ്ങളുടേയും ഗിരിവർഗ്ഗക്കാരുടേയും ഉന്നമന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവർമ്മെൻറിൽനിന്നും ൧൯൫൦–൫൧ ബഡ്ജറ്റ് വർഷത്തിൽ എന്തു തുക അനുവദിച്ചു എന്നും, അതിൽ എന്തു തുക ഏതിനത്തിൽ ചിലവായി എന്നും പറയുമോ;

(ബി) ൧൯൫൧–൫൨ സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ കേന്ദ്രഗവൺമെൻറിൽനിന്നും എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും അതു് ഏതിനത്തിൽ ചിലവു് ചെയ്യുന്നു എന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ- യും, ബി. യും.) ഈ ഇനത്തിൽ കേന്ദ്രഗവർമ്മെൻറിൽ നിന്നും ഒരു തുകയും ലഭിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കേന്ദ്രഗവൺമെൻറിൽനിന്നും ഈ ഇനത്തിൽ ഒരു തുക അനുവദിക്കുന്നതാണെന്ന പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരിക്കാം, ഗവൺമെൻറിനറിവില്ലെന്നേയുള്ളൂ.

പ്രാതിനിദ്ധ്യം നൽകേണ്ട സമുദായങ്ങൾ

*൨൨൫. (൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഉദ്യോഗവിതരണം, മറ്റു സൗജന്യങ്ങൾ മുതലായി പ്രാതിനിദ്ധ്യം നൽകേണ്ട സമുദായങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ നിയുക്തമായ കമ്മി

LIBRARY ARCHIVES Kerala Legislative Assembly